**പതിമൂന്നാം കേരളനിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1864**

06.07.2015-ൽ മറുപടിക്ക്

# അനീഷിന്റെ ആത്മഹത്യ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകൻ കെ.കെ. അനീഷിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ഡി.പി.ഐ. വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടികൾ എടുത്തിട്ടുണ്ടോ ; | (എ) ടി ആത്മഹത്യയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ റിപ്പോർട്ടനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മുന്നിയൂർ എച്ച്.എസ്.ലെ മാനേജർ, പ്രഥമാധ്യാപിക എന്നിവർക്ക് ചാർജ്ജ് മെമ്മോ നൽകിയിട്ടുള്ളതായി അറിയുന്നു. |
| (ബി) ആരെല്ലാമാണ് പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട പ്രതിസ്ഥാനത്ത് നിൽക്കുന്നത് ;<br><br>(സി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത് ; | (ബി) & (സി) കെ.കെ. അനീഷ് മാസ്റ്ററുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട പാലക്കാട് മലമ്പുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 405/2014 u/s 174 Cr.PC altered into 120, 120(B), 192, 193, 195, 211, 471, 306 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ജില്ലാ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. പ്രസ്തുത കേസിൽ താഴെ പറയുന്ന 7 പേരെ പ്രതി ചേർത്തിട്ടുണ്ട്. |

| | | |
|---|---|---|
| 1. | സെയ്തലവി @ കുഞ്ഞാപ്പ | : സ്കൂൾ മാനേജർ |
| 2. | മൊഹമ്മദ് അഷ്റഫ് | : സ്കൂൾ FTM |
| 3. | അബ്ദുൾ റസാഖ് | : സ്കൂൾ ക്ലാർക്ക് |
| 4. | അബ്ദുൾ ഹമീദ് | : സ്കൂൾ പ്യൂൺ |
| 5. | സുധ പി. നായർ | : സ്കൂൾ ഹെഡ്മിസ്ട്രസ് |
| 6. | കെ.സി. ഗോപി | : ഡി.ഡി.ഇ. മലപ്പുറം (റിട്ട.) |
| 7. | ഹൈദർ കെ. മുന്നിയൂർ | : പി.റ്റി.എ. പ്രസിഡന്റ് |

| | |
|---|---|
| (ഡി) ആരെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരെയാണെന്ന് വിശദമാക്കാമോ ;<br>(ഇ) ഇനി ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ: എങ്കിൽ ആരെയെല്ലാം എന്ന് വിശദമാക്കാമോ? | (ഡി) & (ഇ) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ